കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

# ശാസ്ത്രകലാജാഥ –2000

## സ്ക്രിപ്റ്റുകൾ

# ശാസ്ത്രകലാജാഥ - 2000

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ ഏറ്റവും ഗുരുതരമായ പ്രതിസന്ധിയിലാണല്ലോ ഇന്ത്യ ഇന്നകപ്പെട്ടിരിക്കുന്നത്. ആഗോളവത്ക്കരണ നടപടികളുടെ പശ്ചാത്തലത്തിൽ നമ്മുടെ പരമാധികാരത്തിനും, സ്വാതന്ത്ര്യത്തിനും, സ്വാശ്രയത്വത്തിനും നേരെ ഉയർന്നു വന്നിട്ടുള്ള ഭീഷണിയുടെ ഭീകരത ജനങ്ങളെയാകെ ബോധ്യപ്പെടുത്താനും അതിനെതിരെ ജനകീയ ചെറുത്തുനിൽപ്പുകൾ സംഘടിപ്പിക്കാനും ശാസ്ത്രസാഹിത്യ പരിഷത്ത് നിരന്തരം യത്നിച്ചുകൊണ്ടിരിക്കുകയാണല്ലോ. ആ പരിശ്രമത്തിന് ആക്കം കൂട്ടുക എന്നതാണ് ശാസ്ത്രകലാജാഥ-2000 ന്റെ ലക്ഷ്യം.

കലാജാഥയുടെ ഉള്ളടക്കം സംഘപ്രവർത്തനത്തിന്റെ ഉൽപന്നമാണ്. രണ്ടുമൂന്നു തവണയായി നടന്ന ക്യാമ്പുകളിലൂടെ ഒട്ടേറെ പരിഷത്ത് പ്രവർത്തകരുടെയും സാഹിത്യസാംസ്കാരിക പ്രവർത്തകരുടെയും ഒത്തുചേർന്നുള്ള പ്രവർത്തനത്തിന്റെ ഫലമായാണ് ഇതിന്റെ ഉള്ളടക്കം രൂപപ്പെട്ടുവന്നത്. കരിവെള്ളൂർ മുരളി, കുഞ്ഞപ്പ പട്ടാന്നൂർ, കോലഴി നാരായണൻ എന്നിവർ തങ്ങളുടെ രചനകൾ നൽകി ജാഥയുടെ ഉള്ളടക്കത്തെ സമ്പന്നമാക്കി. ഗാനങ്ങൾക്ക് ഈണം നൽകി വി.കെ. ശശിധരൻ അതിനെ ശക്തമാക്കി. എം. നാരായണൻ മാസ്റ്റർ, എം. എസ്. മണി, ടി.വി. വേണുഗോപാലൻ, കോലഴി നാരായണൻ, എൻ. വേണുഗോപാലൻ, കരിവെള്ളൂർ മുരളി, ജി. രാജശേഖരൻ, കോട്ടയ്ക്കൽ മുരളി, ടി.കെ. ബേബിഎന്നിവരാണ് ഈ കലാസൃഷ്ടി രൂപപ്പെടുത്തിയെടുക്കുവാനും പരിശീലനം നൽകുവാനും നേതൃത്വം നൽകിയവർ. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ സംസ്ഥാന പ്രവർത്തക ക്യാമ്പിൽ ഉന്നയിക്കപ്പെട്ട വിമർശനങ്ങളും നിർദ്ദേശങ്ങളും ഇതിനെ മെച്ചപ്പെടുത്തുവാൻ ഏറെ സഹായിച്ചിട്ടുണ്ട്.

ശാസ്ത്രകലാജാഥ - 2000 രൂപപ്പെടുത്തി പൊതുജനസമക്ഷം അവതരിപ്പിക്കുന്നതിന് സഹായം നൽകിയ എല്ലാവരോടും ഉള്ള കൃതജ്ഞത രേഖപ്പെടുത്തുവാൻ ഈ അവസരം വിനിയോഗിക്കുന്നു.

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്.

ശാസ്ത്രകലാജാഥ-2000

വില - 5 രൂപ

പ്രസാധനം, വിതരണം : കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, കൊച്ചി - 24.

KSSP 1022 1E NOV '00 D1/8 10K 0500 LL4/00

# ശാസ്ത്രകലാജാഥ -2000
## സ്ക്രിപ്റ്റുകൾ

ഞങ്ങളുഷസ്സിൻ ഗായകരല്ലോ
ഞങ്ങളുണർവിൻ നായകരല്ലോ
എങ്ങുമനുഷ്യവിമോചനഭേരി – മു
ഴങ്ങുവതിന്നനുവാചകരല്ലോ

തിങ്ങി വിളങ്ങും ജീവിതഭംഗികൾ
ഞങ്ങൾ കാണും സ്വപ്നമതല്ലോ
എങ്ങും മാനവികതയുടെ പൂവുകൾ
മുങ്ങുമതിൻെറ സുഗന്ധമതല്ലോ

അങ്ങു കറുത്ത മനുഷ്യശരീരം
ചങ്ങല വിങ്ങിനിരങ്ങി വരുമ്പോൾ
ഇങ്ങും ചോര പൊടിഞ്ഞ പുറന്തൊലി
ഞങ്ങളൊരൊറ്റ മനുഷ്യരതല്ലോ

പൊരുതുക പൊരുതുക എന്നെപ്പോഴും
പറയും പ്രാണൻ പിടയുമ്പോഴും
കുരുതിച്ചാലിൽ അടിമുടി ചോരയിൽ
ഇഴയുമ്പോഴും ഒരു നവസ്വപ്നം

ഞങ്ങളുഷസ്സിൻ ഗായകരല്ലോ
ഞങ്ങടെ ഗാനം ജീവിതമല്ലോ
ഓർമ്മയെ മറവി വിഴുങ്ങും കാലം
'ഓർക്കുക' എന്നോർമ്മിപ്പിക്കുന്നു

ഓർക്കുക നമ്മുടെ കാലത്തെ
ഓർക്കുക നമ്മുടെ ലോകത്തെ
ഓർക്കുക എന്നെ ഓർക്കുക നിന്നെ
ഓർക്കുക നമ്മുടെ നാളെകളെ

*ഗായകസംഘം :*
ഓർക്കുക നമ്മുടെ നാളെകളെ...

"ഓർമകളുണ്ടായിരിക്കണം കൂട്ടരെ
ഓർക്കുവാനെന്തെന്തു കൂട്ടമുണ്ടോർക്കണം
ആരേ വിതച്ചതീ കണ്ടങ്ങളെന്നും
ആരേ കൊയ്തതീ കണ്ടങ്ങളെന്നും
ഓർമ്മകളുണ്ടായിരിക്കണം കൂട്ടരെ
ഓർമ്മകൾ, ഓർമ്മകൾ ചൂരുള്ളോരോർമ്മകൾ

*(രംഗം മാറുന്നു, രണ്ട് ഗ്രൂപ്പുകൾ ആകുന്നു, ബ്രിട്ടീഷ് സംഘം, ഝാൻസി സംഘം)*

*ബ്രിട്ടീഷ്:* ബ്ലഡി ഇൻഡ്യൻ ബ്ലാക്ക് ഡോഗ്സ്

*(ഝാൻസിയും സംഘവും കുതിരപ്പുറത്ത് വരുന്നു ബ്രിട്ടീഷ് സംഘം വെടിവെയ്ക്കുന്നു. ഝാൻസിയും സംഘവും വീഴുന്നു.)*

"ഓർമ്മകളുണ്ടായിരിക്കണം കൂട്ടരെ
ഓർക്കുവാനെന്തെന്തു കൂട്ടമുണ്ടോർക്കണം
ചോദ്യങ്ങളുണ്ടായിരിക്കണം കൂട്ടരെ
ചോദ്യങ്ങൾ ചോദ്യങ്ങൾ ചുണയേറും ചോദ്യങ്ങൾ

*സംഘം :* വരികവരിക സഹജരേ
സഹന സമര സമയമായ്
കരളുറച്ചു കൈകൾ കോർത്തു
കാൽനടയ്ക്കു പോക നാം

*(ഗാന്ധിജിയുടെ ദണ്ഡിയാത്ര)*

*സംഘം :* വിദേശവസ്ത്രങ്ങൾ ബഹിഷ്ക്കരിക്കുക
*(വസ്ത്രങ്ങൾ കത്തിക്കൽ)*
*(വൈഷ്ണവജനതോം...... ഹമ്മിങ്ങ്)*
*(നൂൽനൂൽപ്പ്...)*

"ഓർമ്മകളുണ്ടായിരിക്കണം കൂട്ടരെ
ഓർമ്മകൾ, ഓർമ്മകൾ ചൂരുള്ളൊരോർമ്മകൾ
ചേറിൽ ചെളിയിൽ പിറന്നു വളർന്നവർ
ചെറുമൻെറ മക്കളിന്നെങ്ങുപോയി
ചേറിൽ ചെളിയിൽ വിയർപ്പുകൊടുത്തവർ
ചെറുമൻെറ കൂട്ടരുമെങ്ങുപോയി"

*(സംഘം : തെങ്ങിൽ കെട്ടിയിട്ട അടിയാൻ... അടിക്കുന്ന കാര്യസ്ഥർ... മുറുക്കി സുഖിക്കുന്ന പ്രമാണി... കരയുന്ന അടിയാത്തി...)*

*(ചേറിൽ ചെളിയിൽ... ആവർത്തിക്കുന്നു.)*

*(സംഘം : വാരിക്കുന്തവുമായി നീക്കം (പുന്നപ്ര-വയലാർ) പോലീസ് വെടിവെപ്പ്, ശവക്കൂന... ശവക്കൂനയിൽ നിന്നും ഒരു കൈ ഉയരുന്നു)*

"ഓർമ്മകളുണ്ടായിരിക്കണം കൂട്ടരേ
ഓർമ്മകൾ, ഓർമ്മകൾ ചൂരുള്ളൊരോർമ്മകൾ
ചേരിയിൽ ചെളിയിൽ നിവർന്നു നടന്നവർ
ചേരിമറന്നു നടക്കുന്നതെന്തേ...
ചേരിയിൽ തെരുവിൽ പൊരുതി നിവർന്നവർ
ചേരി മറന്നു കളിക്കുന്നതെന്തേ..."

*(സംഘം പാടിക്കൊണ്ട് "U" Shape ആകുന്നു. കോൺക്രീറ്റ് കോരിയിടുന്നു. ഒരു തൊഴിലാളിയുടെ കാലിൽ ചട്ടി വീഴുന്നു. മുതലാളി വരുന്നു. ജോലിക്കാരനെ തള്ളുന്നു. തൊഴിലാളികൾ ഒറ്റക്കെട്ടാവുന്നു. മുതലാളി ഒരാളെ വിളിക്കുന്നു. പോര് തുടങ്ങുന്നു. ഒരാൾ മരിക്കുന്നു.)*

*സംഘം : കോഴിപ്പോര്*

"ചേരിയിൽ ചെളിയിൽ നിവർന്നു നടന്നവർ
ചേരിമറന്നു നടക്കുന്നതെന്തേ...
ചേരിയിൽ തെരുവിൽ പൊരുതി നിവർന്നവർ
ചേരി മറന്നു കളിക്കുന്നതെന്തേ...
ഓർമ്മകളുണ്ടായിരിക്കണം കൂട്ടരെ...
ഓർമ്മകൾ ഓർമ്മകൾ ചൂരുള്ളൊരോർമ്മകൾ
ഓർമ്മകളുണ്ടായിരിക്കണം കൂട്ടരേ...
ഓർക്കുവാനെന്തെന്ത് കൂട്ടമുണ്ടോർക്കണം."

(നെല്ലിക്ക)

*വിദൂഷകൻ :*
ഓം IMF ആയ നമഃ
ഓം ആഗോളവത്ക്കരണ്യായ നമഃ
ഓം ബിൽക്ലിൻറണായ നമഃ

ഡോളർ ബ്രഹ്മാ ഡോളർ വിഷ്ണാ
ഡോളർ ദേവോ മഹേശ്വര
ഡോളർ സാക്ഷാത് പരബ്രഹ്മ
തസ്മൈ ശ്രീ ഡോളറേ നമഃ

*സംഘം രംഗത്ത്. ഓംകാരം മുഴങ്ങുന്നു. അലിഞ്ഞ് ചേരുന്നതിനിടയിലൂടെ വക്കച്ചനും ചാക്കോച്ചനും രംഗത്ത്*

*വക്കച്ചൻ* : ചാക്കോച്ചാ സർവം മായ
*ചാക്കോച്ചൻ* : അല്ല ഞാൻ ആലോചിക്കയായിരുന്നു നമ്മുടെ നാട് പോയ പോക്കേയ്.
*(ഓംകാരം നിലയ്ക്കുന്നു)*
*വക്കച്ചൻ* : പത്തുകിട്ടുകിൽ നൂറ് മതിയെന്നും ശതമാകിൽ സഹസ്രം മതിയെന്നും
*ചാക്കോച്ചൻ* : ആർത്തി, ആക്രാന്തം. അമ്പുകൊള്ളാത്തവരില്ല
വക്കച്ചൻ : മൂത്തവർ ചൊല്ലും മുതുനെല്ലിക്ക
ആദ്യം കയ്ക്കും പിന്നെ....
*(മുത്തശ്ശി രംഗത്ത്)*

*മുത്തശ്ശി* : എന്തൊരു കാലാ ഇത്. വെന്തുരുകുന്ന കാലം... തിരുവാതിരയും ഞാറ്റുവേലയും കർക്കിടകവും ഒന്നും ഇല്ല്യാത്ത കാലം. ഓണോം സംക്രാന്തീം വല്ലതുണ്ടോ... ഒക്കെ ആ മായപ്പെട്ടീടെ മുമ്പിലല്ലേ... സീരിയലോ സീരീസ്സോ ഒക്കെ കണ്ട് മന്ദല മയങ്ങി നടക്വല്ലേ. പറഞ്ഞിട്ട് കാര്യല്ല. ഗോപാലകൃഷ്ണാ ആരൂല്ല്യേ... എല്ലാരും ജോർജിൻെറ വീട്ടില് കുന്തം കണ്ടിരിക്ക്യാവും. വിളക്ക് കത്തിക്കലും നാമം ജപിക്കലും ഒന്നൂല്ല്യാ, ശിവശിവാ.

*(ഗോപാലകൃഷ്ണൻ വരുന്നു)*

*ഗോ.കൃഷ്ണ* : എന്തിനാ അച്ഛമ്മേ ഇങ്ങനെ കിടന്നലറുന്നത്

*മുത്തശ്ശി* : ഇത്തിരി പൊകല വാങ്ങിത്തരാൻ പറഞ്ഞിട്ട് ദിവസെത്രയായി. മോണ ചൊറിഞ്ഞിട്ട് വയ്യ. ഇന്നാള് ദാക്ഷായണി കൊഴമ്പ് വാങ്ങാൻ തന്ന കാശിൻെറ ബാക്കി ഇതുണ്ട്. *(കാശ് കൊടുക്കുന്നു)* പോയി വാങ്ങി കൊണ്ട്വാ.

*ഗോ. കൃഷ്ണ* : ഇതില്ലാണ്ട് ജീവിക്കാൻ പറ്റില്ല്യേ അച്ഛമ്മയ്ക്ക്?

*മുത്തശ്ശി* : ഇനി അവടെ ചെന്നിട്ട് നിർത്താടാ

*(ഗോപാലകൃഷ്ണൻ പോകുവാൻ തുടങ്ങുന്നു)*

*മുത്തശ്ശി* : ഈശ്വരാ–എൻെറ മോന് ഒരു ജോലി ശരിയാക്കി കൊടുക്കണേ

*(അമ്മയും മകളും വരുന്നു, കരയുകയാണ്.)*

*ഗോ.കൃഷ്ണ* : എന്തിനാ അമ്മ കരയണ്?

*അമ്മ* : ആ തള്ള ചത്തു. നല്ല സ്നേഹള്ള തള്ളയായിരുന്നു. ആ വീട് മുഴുവൻ നോക്കി നടത്തീരുന്നത് അവരായിരുന്നു.

*ഗോ.കൃഷ്ണ* : ഏത് സ്ത്രീയുടെ കാര്യാ അമ്മ പറയണത്?

*മകൾ* : നമ്മടെ വിജയൻെറമ്മ. എന്ത് ഐശ്വര്യമുള്ള സ്ത്രീയായിരുന്നു. എപ്പഴും പട്ടുസാരിയേ ഉടുക്കൂ.

*മുത്തശ്ശി* : നമ്മടെ വിജയൻെറമ്മ ചത്തോ? കഷ്ടായി. എന്നേക്കാൾ രണ്ട് വയസ്സിന് ചെറുപ്പാ.

*മകൾ* : ആ തള്ളയല്ല. ഞങ്ങൾ സീരിയലിലെ വിജയൻെറ കാര്യമാ പറയുന്നത്.

*അമ്മ* : ഓ എല്ലാക്കാര്യങ്ങളും അറിയണം.

*മുത്തശ്ശി* : അതിനാ ജാനകീ നീ കരയണേ. ഞാൻ ചത്താ ഒരു തുള്ളി കണ്ണീര് നിൻെറ കണ്ണീന്നു വരോ? ഇത്തിരി കാപ്പീണ്ടാക്കി ത്തരാൻ സമയമില്ലാണ്ടെ ഓടീത് ഇത് കണ്ട് കരയാനാ?

*അമ്മ* : മോൻ വരുമ്പോ ഒരു ടീവി വാങ്ങാൻ പറയ്. ഞങ്ങളെവിടേയ്ക്കും പോണില്ല–പോരേ?

*മകൾ* : അതേ അച്ഛമ്മയ്ക്കു പറ്റിയ ജ്യോതിഷം, ശിവൻ, ജയ്ഹനുമാൻ, കൃഷ്ണൻ എല്ലാം ഉണ്ട് ടീവീല്.

*മകൻ* : ഞങ്ങള് പറഞ്ഞാൽ അച്ഛൻ കേൾക്കില്ല. അച്ഛമ്മ തന്നെ പറയണം.

*മകൾ* : എൻെറ ക്ലാസ്സിലെ മിനീടെ വീട്ടില് എന്തെല്ലാം സാധനങ്ങളാ! ടി.വി., ഫ്രിഡ്ജ്, സി.വി.ഡി., എന്തോരം സാധനങ്ങളാ. അസൂയ തോന്ന്വാ.

മകൻ : ഓരോ പിള്ളേര് ബൈക്കിൽ ചെത്തുന്നത് കാണുമ്പോ...
(പോകുന്നു.)

അമ്മ : പറഞ്ഞു നിന്നാ പറ്റില്ല – സമയം ഇപ്പൊ തുടങ്ങും.

മകൾ : ആ മാലുവിനെ ബാലു കല്യാണം കഴിക്ക്വോ ആവോ?

അമ്മ : കഴിക്കില്ല. അവൻ ചതിക്കും, നോക്കിക്കോ
(രണ്ടുപേരും പോകുന്നു)

മുത്തശ്ശി : ഇങ്ങനൊരു ഭ്രാന്ത്! കലികാലം... വെറുതെയല്ല മഴ പെയ്യാത്തത്....
(അച്ഛൻ വരുന്നു)

മുത്തശ്ശി : എന്താടാ വൈകിയത്–

അച്ഛൻ : ഓഫീസില് പിടിപ്പത് പണിയുണ്ടമ്മേ– ജാനകീ...

മുത്തശ്ശി : അവരെ വിളിക്കണ്ടടാ – അവര് സീര്യല് കാണാൻ പോയി.

അച്ഛൻ : പണ്ട് രണ്ടു രൂപയ്ക്ക് മംഗളോം മനോരമേം വാങ്ങിക്കൊടുത്താൽ അതും വായിച്ച് ഇവിടെത്തന്നെ ഇരിക്ക്വായിരുന്നു.
(അമ്മയും മകളും വരുന്നു)

അമ്മ : നശിച്ച കറണ്ട് ഇനിയെപ്പഴാ വര്വാ ആവോ–

മകൾ : ഇനിയിപ്പം എന്താണാവോ സംഭവിക്വാ! വല്ലാത്ത ടെൻഷൻ.

അച്ഛൻ : ഒരു മുടിഞ്ഞ സീരിയല്. ഒരു ഗ്ലാസ് ചൂടുള്ള ചായ തര്വോ?

അമ്മ : പൊടി തീർന്നു. സാധനങ്ങളൊക്കെ തീർന്നിട്ട് രണ്ട് ദിവസായി.

അച്ഛൻ : അതിന് നിനക്കിതൊന്നും നോക്കാൻ നേരല്ലല്ലോ – ടീവിടെ മുമ്പിൽ കുത്തിയിരിക്കാനല്ലേ സമയൊള്ളൂ.

മകൾ : ഈ വീട്ടില് ഒരു ടിവി വാങ്ങാൻ എത്ര കാലായി പറയണൂ. നമ്മടെ അയലത്തുള്ള എല്ലാരും എത്ര നന്നായിട്ടാ ജീവിക്കണത്.

അമ്മ : കാശില്ലാ കാശില്ലാന്നൊരു പല്ലവിയല്ലേ നിങ്ങൾക്കൊള്ളൂ.

അച്ഛൻ : ജാനകീ നമ്മടെ മോള് വളർന്ന് വര്വാ ഓർമ്മവേണം.

മുത്തശ്ശി : പണ്ട് അഞ്ചാറ് വയ്ക്കോൽ തുറു ഉണ്ടെങ്കി കേമായിരുന്നു! കൃഷി, പശു, ആട്. ഹായ് എന്തൊരു ഗമയായിരുന്നു.

മകൾ : ഇപ്പം അതൊക്കെയാ ഉള്ളതെങ്കിൽ പെണ്ണിനെ കിട്ട്വേം ഇല്ല കൊണ്ടോവ്വേം ഇല്ല.

മുത്തശ്ശി : ശിവ ശിവ കട്ടിലേന്ന് എണീക്ക്വേം വേണ്ട കൈ നനയേം വേണ്ട.
(മകൻ വരുന്നു)

മകൻ : ഇന്നാ അച്ഛമ്മേ പൊകയില. ആ ജോയി ഒരു ബൈക്ക് വാങ്ങിച്ചു.

അച്ഛൻ : എടാ! ജോയീടെ അച്ഛന് ബ്ലേഡ് കമ്പനിയല്ലേ!

മകൻ : ഇപ്പോ എന്തെല്ലാം സ്കീമുകളാ – എന്തു വേണേലും തവണ വ്യവസ്ഥയിൽ കിട്ടും.

മകൾ : അച്ഛാ – അച്ഛാ നമുക്കെല്ലാം വാങ്ങിക്കണം.

അമ്മ : ഇതൊന്നും പറഞ്ഞാ ഇങ്ങേരുടെ ചെവീൽ പോവില്ല.

*അച്ഛൻ* : ഇപ്പോ എന്താ ഒരു കുറവ്? ഒരുവിധം പട്ടിണിയില്ലാണ്ട് ജീവിക്കുന്നില്ലേ?

*മുത്തശ്ശി* : ഉള്ളത് നോക്കാൻ തന്നെ ഇവിടെ ആളില്ല.

*അമ്മ* : ഈ അമ്മയ്ക്കും മോനും മാത്രം ഒന്നും മനസ്സിലാകില്ല. പിള്ളേര് പറയുന്നതാ ശരി.

*മുത്തശ്ശി* : നാരായണ നാരായണ! ഏതായാലും നീയൊരു ടീവിയെങ്കിലും വാങ്ങിക്കൊടുക്ക് സ്വസ്ഥത കിട്ടൂല്ലോ–

*അച്ഛൻ* : കൊക്കിലൊതുങ്ങണത് കൊത്ത്യാപ്പോരെ?

*അമ്മ* : രണ്ടുദെവസാണെങ്കി രണ്ടു ദെവസം – നല്ലോണം പോലെ കഴിയാമല്ലോ.

അച്ഛൻ : ഞാൻ പറയാനുള്ളത് പറഞ്ഞു – അനുഭവിക്കും.

*അമ്മ* : ഇല്ലന്നേ – നമുക്കും മോഡേൺ ആകണം.

*മകൻ* : അത് ഒരു പരസ്യത്തിലെ വാചകമല്ലേ?

*മകൾ* : *(അച്ഛനോട്)* അതെല്ലാം മറന്നേക്കൂ – നമ്മുടെ നമ്പർ വരും

*മകൻ* : നമ്മുടെ നമ്പർ വരും ഡെഫനിറ്റ്‌ലി വരും.

*(രംഗം മറയ്ക്കുന്നു. തിരശീല മാറുമ്പോൾ ആധുനിക വേഷത്തിൽ 4 ചെറുപ്പക്കാർ നാല് മൂലകളിൽ നിൽക്കുന്നു)*

A : ഗൃഹോപകരണങ്ങൾക്ക് വായ്പാ സൗകര്യം ആകർഷകമായ ഇളവുകൾ R.R. Enterprises. ഇപ്പോൾ തന്നെ ബന്ധപ്പെടുക.

B : നിങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ഞങ്ങൾ നിങ്ങളെ സഹായിക്കുന്നു. 'സീറോ'% പലിശയിൽ ഉദാര തവണ വ്യവസ്ഥകൾ.

C : ഉത്സവകാല എക്സ്ചേഞ്ച് മേള – നിങ്ങളുടെ പഴയ ഗൃഹോപകരണങ്ങൾ – വാഹനങ്ങൾ – എന്തും ഏതും മാറ്റിയെടുക്കാൻ സുവർണ്ണാവസരം.

D : 100 സി.സി. ബൈക്ക് വെറും 600 രൂപയ്ക്ക്. പുതുതലമുറയ്ക്ക് ചെത്തിനടക്കാൻ, അടിച്ചുപൊളിക്കാൻ, കലക്കി മറിക്കാൻ... ഈ ആനുകൂല്യം ഒരാഴ്ചകൂടി മാത്രം.

*ഗ്രൂപ്പ് ഒന്നിച്ച്* : അയൽക്കാരെ അസൂയാലുക്കളാക്കാൻ, ആധുനിക ജീവിതം ആസ്വാദ്യകരമാക്കാൻ.

*(ആകർഷിച്ച് പരസ്യം പറഞ്ഞ് വൃത്താകൃതിയിൽ നടക്കുന്നു. ഒടുക്കം കുടുംബത്തെ നടുവിലാക്കി വ്യാപാരികൾ ചുറ്റും വളയുന്നു – രംഗം മാറുന്നു.)*

*മുത്തശ്ശി* : ഇപ്പം ഒന്നും നിലത്തല്ല നടപ്പ്! പെണ്ണിനെ കെട്ടിക്കാൻ പ്രായമായി. അതിനൊന്നും ആർക്കും നേരല്ല്യ. എന്തൊക്കെ സാധനങ്ങളാ വാങ്ങിക്കൂട്ടിയിരിക്കുന്നത്. ഇതിനൊക്കെ ഇവിടെ പണം കായ്ക്കുന്ന മരമുണ്ടോ! ബാക്കിയുള്ളോർക്ക് ഇത്തിരി കുഴമ്പ് വാങ്ങിക്കുന്ന കാര്യം പറയുമ്പോ ആർക്കും കാശില്ല, നേരല്ല്യ – കാലം പോയ് പോക്കേ – !

*(ഫാക്ടറി ഓഫീസ് കസേരയിൽ മുതലാളി ഇരിക്കുന്നു)*

*മുതലാളി* : *(ബെല്ലടിക്കുന്നു: പ്യൂൺ വരുന്നു)* സ്റ്റോർ കീപ്പറോട് വരാൻ പറയൂ.
*(പ്യൂൺ പോകുന്നു. കീപ്പർ വരുന്നു)*

*അച്ഛൻ* : മാപ്പാക്കണം സാർ. ജോലി കളയരുത്. ശമ്പളത്തിൽ നിന്നും ഗഡുക്കളായി പിടിച്ച് സഹായിക്കണം.

*മുതലാളി* : സാദ്ധ്യമല്ല. എത്രകാലം കൊണ്ട് തീർക്കാമെന്നാണ് നിങ്ങളുടെ വിചാരം. താൻ മോഷ്ടിച്ച് വിറ്റ സാധനങ്ങൾ എത്രലക്ഷം രൂപായുടേതുണ്ട് എന്നറിയാമോ? തല്ക്കാലം അന്വേഷണം പൂർത്തിയാകുന്നതു വരെ താൻ ജോലിക്ക് വരേണ്ട. സസ്പെൻഷൻ ഓഡർ ഓഫീസിൽ നിന്നും വാങ്ങിക്കൊള്ളൂ.

*(നാൽവർസംഘം നാലുമൂലകളിൽ നിൽക്കുന്നു. അച്ഛൻ മദ്ധ്യത്തിൽ)*

A : മാഷേ – ലോൺ അടച്ചില്ലല്ലോ – സാധനങ്ങൾ വാങ്ങിക്കൂട്ടാൻ കാണിച്ച താത്പര്യം ലോണടക്കുന്നതിലും കാട്ടണം – അതാ മാന്യത.

B : ചേട്ടാ – 6 തവണ മുടങ്ങി ഈ കളി ശരിയാവില്ല.

C : താനെന്തു പണിയാണെടോ കാണിക്കുന്നത്. ആ പലിശയെങ്കിലും അടക്ക് – ഇല്ലെങ്കിൽ എൻെറ തനിനിറം മനസ്സിലാകും.

D : ലോണടച്ചില്ലെങ്കിൽ വീട് ഞങ്ങൾ ജപ്തിചെയ്യും. വണ്ടിച്ചെക്ക് തന്നതിന് താൻ അകത്തുപോകും.

ഗ്രൂപ്പ് ABCD : പണം അടയ്ക്കെടോ, പലിശ അടയ്ക്കെടോ

*(ആവർത്തിക്കുന്നു, ഉച്ചത്തിലാകുന്നു, ആക്രമിക്കുന്നു, അച്ഛൻ തളർന്ന് നിലത്തിരിക്കുന്നു.)*

*തിരശ്ശീല*

*(ഗ്രൂപ്പ് ABCD തിരനോട്ടം)*
*(ഗ്രൂപ്പ് മറയുന്നു)*
*(അച്ഛൻ വരുന്നു, കോള കുപ്പി)*

*അച്ഛൻ* : മോളേ അമ്മേ വിളിക്ക്

*മകൾ* : (വരുന്നു) അമ്മ ടി.വി. കാണ്വാ

*അച്ഛൻ* : ഇന്ന് നമുക്കൊന്ന് ആഘോഷിക്കണം. അച്ഛന് ഒരു പ്രമോഷൻ കിട്ടി.
*(മകൻ വരുന്നു.)*

*മകൻ* : അതാ അച്ഛനിന്നിത്തിരി മിനുങ്ങീട്ടുണ്ട്.

*അമ്മ* : ഓ നിങ്ങള് വന്നോ. ഇതാ കാപ്പി.

*അച്ഛൻ* : വേണ്ട നമുക്കെല്ലാവർക്കും ഇന്ന് കോള കുടിച്ച് രസിക്കാം.

*അമ്മ* : ഇപ്പോഴാ ഇതൊരു വീടായത്.

*അച്ഛൻ* : ഞാനും മോഡേണായി മക്കളെ.

*എല്ലാവരും* : ഹായ് ഇതാണ് ജീവിതം, നമ്മുടെ നമ്പർ വന്നു.
*(ഗ്ലാസ്സുകൾ ഉയർത്തിപ്പിടിച്ചു നിന്നു)*

*തിരശ്ശീല – വിദൂഷകൻ എത്തുന്നു)*

| | | |
|---|---|---|
| *വിദൂഷകൻ* | : | പരതുപുരി...<br>പുതിയ നൂറ്റാണ്ടിന്റെ ഫലിതം.<br>കടുത്ത കടക്കെണിയിൽ പെട്ട് ഒരു കുടുംബം കൂട്ട ആത്മഹത്യ ചെയ്തു.<br>*(വിദൂഷകൻ തിരശീലയ്ക്കുമുമ്പിൽ സൈഡിൽ വരുന്നു)* |
| *വിദൂഷകൻ* | : | അപ്പുക്കുട്ടൻ കുടുംബനാഥൻ 53 വയസ്സ്<br>*(പത്രകട്ടിംഗിൽ മുഖം വരുന്നു, തിരശ്ശീലക്ക് പിന്നിൽ)*<br>ഭാര്യ ജാനകി 45 വയസ്സ്<br>മകൻ ഗോപാലകൃഷ്ണൻ 23 വയസ്സ്<br>മകൾ സുഷമ 20 വയസ്സ് |

80 വയസ്സുള്ള മുത്തശ്ശി മാത്രം അവശേഷിക്കുന്നു. പുതിയ കാലത്തിന്റെ കഥയാണിത്. നമുക്കതുകണ്ട് കരയാം, ചിരിക്കാം, ചിന്തിക്കാം.

*(ചാക്കോച്ചൻ, വക്കച്ചൻ വരുന്നു.)*

(കേരളദൃശ്യങ്ങൾ)

| | | |
|---|---|---|
| *വക്കച്ചൻ* | : | കൊക്കിലൊതുങ്ങുന്നതേ കൊത്താവൂ |
| *ചാക്കോച്ചൻ* | : | നമ്മളൊക്കെ പഴേ മനുഷ്യര്... ഒള്ളതു കൊണ്ടോണം പോലെ |
| *വക്കച്ചൻ* | : | കുണ്ടിലിരിക്കും തവളക്കുഞ്ഞിന് കുന്നിൻ മീതേ... |
| *ചാക്കോച്ചൻ* | : | ശരിയാ... നമ്മുടെ അയൽവക്കത്തെ പുകിലൊന്നും പറയണ്ടെന്റെ വക്കച്ചാ... |
| *വക്കച്ചൻ* | : | ഞാൻ കണ്ടു... ഞാൻ കപ്പ വലിച്ചെറിഞ്ഞല്ലോ... |
| *ചാക്കോച്ചൻ* | : | പത്രോം നിർത്തീ... മലയാളം പറ്റില്യാത്രെ.<br>*(വക്കച്ചനും ചാക്കോച്ചനും വേദി വിട്ട് പോകുന്നു, അച്ഛൻ കടന്നു വരുന്നു.)* |
| *പിതാവ്* | : | അവനെവിടെ? ഇന്ന് പോണില്ലേ? |
| *അമ്മ* | : | അവനിത്രനേരം ആ പറമ്പില് ഓരോ പണീമായിട്ട് നടക്കുകയായിരുന്നു. ഞാൻ പിടിച്ച് വലിച്ച് കുളിക്കാൻ വിട്ടിട്ടൊണ്ട് ആ ദാണ്ടെ വരുന്നു.<br>*(കുട്ടി കടന്നു വരുന്നു)* |
| *പിതാവ്* | : | എവിടായിരുന്നെടാ ഇത്രനേരം. നിന്നോട് ഞാൻ പറയാറില്ലേ ആവശ്യമില്ലാത്ത പണിയ്ക്കൊന്നും പോകരുതെന്ന്? ഇന്ന് ക്ലാസില്ലേ? ഹെയ് – നീ മുണ്ടുടുത്താണോ ക്ലാസിൽ പോണത്. നീ ഈ നാട്ടിലൊന്നും അല്ലേടാ... |
| *മകൻ* | : | എനിക്ക് മുണ്ടാ ഇഷ്ടം. ഇതാ സൗകര്യം. |
| *അമ്മ* | : | ഓ ഇവന്റെയൊരു കാര്യം |
| *പിതാവ്* | : | എടാ മോനേ – ഇപ്പഴിപ്പഴ് വലിയ വലിയ കമ്പനിക്കാര് കോളേജീന്നു തന്നെ ഇൻറർവ്യൂ നടത്തി അവർക്കാവശ്യമുള്ളവരെ കൊത്തിക്കൊണ്ടു പോകുവാ ജോലിക്ക്... അവര് ഈ വേഷമൊക്കെ ശ്രദ്ധിക്കും. നിന്റെ |

ഈ ചൊക്കടാ വേഷം കണ്ടാൽ...

*അമ്മ* : നീ ഇക്കൊല്ലം എൻട്രൻസ് എഴുതേണ്ടവനാണെന്ന് മറക്കല്ലേ

*പിതാവ്* : നീ മുടങ്ങാതെ സ്പോക്കൺ ഇംഗ്ലീഷ് കോഴ്സിനു പോകുന്നില്ലേ... ഒഴപ്പരുത്... ഇൻറർവ്യൂവൊക്കെ അറ്റൻഡ് ചെയ്യാനുണ്ടതിന്.

*അമ്മ* : ഞങ്ങളെത്ര വഴിപാടാ നടത്തുന്നതെന്നറിയാമോ. ദൈവം വിളികേൾക്കും. നിനക്ക് അമേരിക്കേല് തന്നെ ജോലി കിട്ടും.

*പിതാവ്* : അതുകൊണ്ടാ വിവരമുള്ളവരൊക്കെ ഈ വേഷത്തിൻെറം ഭാഷയുടെം തീറ്റീടേം ഒക്കെ കാര്യത്തില് നിർബന്ധിക്കുന്നത്. എടി നീ അവൻെറ ബ്രേക്ക്ഫാസ്റ്റ് എടുത്തു വെയ്ക്ക്.

*അമ്മ* : എടുത്തുവെച്ചിട്ട് എത്രനേരായിരിക്കണ്.

*മകൻ* : എനിക്കു വേണ്ട – എന്നും ഈ കുന്തോം കുടച്ചക്രോം. ഞാൻ ആ കപ്പയും ചേനയും കാച്ചിലും ഒക്കെ കൊണ്ടുവെച്ചിട്ട് ഒരാഴ്ചയായി. ഒരു ദിവസമെങ്കിലും...

*പിതാവ്* : നിനക്ക് പറഞ്ഞാ മനസിലാവില്ല – ഈ ബ്രഡും നൂഡിൽസുമൊക്കെ നീ എന്നാ ഇനി പരിചയിക്കുന്നത്. ഇതൊക്കെ കഴിച്ച് ശീലിച്ചില്ലെങ്കിൽ നീ അനുഭവിക്കും.

*അമ്മ* : മോൻ വേഗം അകത്തുപോയി ഭക്ഷണം കഴിച്ച് പോകാൻ നോക്ക്.

*(കുട്ടി മനസ്സില്ലാമനസ്സോടെ പോകുന്നു)*

*അമ്മ* : എൻട്രൻസിന് അവന് നല്ല റാങ്ക് കിട്ടോന്ന് എനിക്ക് സംശയണ്ട്.

*പിതാവ്* : അഥവാ കിട്ടീല്ലെങ്കില് പതിനഞ്ചോ ഇരുപതോ കൊടുത്ത് അവന് വല്ല സ്വാശ്രയത്തിലും സീറ്റ് വാങ്ങിയെടുക്കാം. കാശല്ലേടീ ഉള്ളത്. എടീ നമ്മളവനെ അധികം വഴക്കു പറയേണ്ട. അവൻ ശരിയായിക്കോളും. പക്ഷേ ഒരൊറ്റ കാര്യത്തിലേ വിഷമമുള്ളൂ.

*അമ്മ* : എന്താത്?

*പിതാവ്* : അവൻെറ..... പേര്

*അമ്മ* : അവൻെറ പേരിനെന്താ കുഴപ്പം? നല്ല പേരല്ലേ?

*പിതാവ്* : ആ പേര് അമേരിക്കൻ സായിപ്പൻമാർക്ക് വിളിക്കാൻ പറ്റമോന്ന് എനിക്കൊരു സംശയം. അവർക്ക് വിളിക്കാൻ പറ്റിയ ഒരു പേരിടാമായിരുന്നു. നമുക്കവൻെറ പേരങ്ങ് മാറ്റാം.

*വക്കച്ചനും ചാക്കോച്ചനും രംഗത്ത്*

*ചാക്കോച്ചൻ* : ചേരയെ തിന്നുന്ന നാട്ടിൽ ചെന്നാൽ – നടുക്കണ്ടം തിരഞ്ഞു തിന്നണംന്നല്ലേ?

*വക്കച്ചൻ* : പത്രം വായിച്ചു, കേട്ടോ?

*ചാക്കോച്ചൻ* : കണ്ടു, എൻെറ മക്കൾ രണ്ടും എൻച്ഛനേർതാ.

*വക്കച്ചൻ* : എന്തോ ഒരു കുന്ത്രാണ്ടം–ണ്ടല്ലോ എന്താത്? നെറ്റ്....? അണ്ടർനെറ്റ്...

*ചാക്കോച്ചൻ* : ഇത്ത്ക്കുസാറ് പറഞ്ഞ്... അതെന്തോ വലിയ വിപ്ലവാന്ന്...

*വക്കച്ചൻ* : വെരലൊന്നമർത്ത്യാ... പുതിയപുതിയ വിവരങ്ങള് കൺമുമ്പില് തെളിഞ്ഞുവരും,ത്രെ.

*ചാക്കോച്ചൻ* : അതുതൊറന്നാല്, ലോകം മുഴുവൻ ഇറങ്ങി വരുംന്ന്, വേണ്ടതും.... വേണ്ടാത്തതും.

*വക്കച്ചൻ* : യൂറോപ്പിലിരിക്കുന്ന ചെറുക്കൻ അങ്ങേലെ പെങ്കൊച്ചിന്, ലതിലൂടെയാണത്രേ കത്തയക്കുന്നത്.

*ചാക്കോച്ചൻ* : അപ്പുറത്തെ കൊച്ചനില്ലേ...? അവനേയ്... എന്തോ, വേണ്ടാതീനം ഒപ്പിച്ചൂത്രേ...

*(കമ്പ്യൂട്ടർ ഇൻറർനെറ്റ് വെബ്സൈറ്റുകൾ പരതുന്ന രണ്ട് കൗമാരപ്രായക്കാർ)*

A : ഛെ... കിട്ടുന്നില്ലല്ലോ. പാസ്വേഡൊക്കെ കറക്ടാ... ഇന്നലെ എളുപ്പത്തിൽ കിട്ടിയതാ.

B : നീ ഭാഗ്യവാനാടാ നിൻെറ ഡാഡി കമ്പ്യൂട്ടറും വാങ്ങിത്തന്നു, ഇൻറർനെറ്റ് കണക്ഷനും എടുത്തു തന്നു.

A : ഞാൻ ടീവീടെ മുമ്പിലിരുന്നാലേ മൂപ്പിൽസിന് ഒബ്ജക്ഷനുള്ളൂ. അതിലൊക്കെ പാട്ടും സീരിയലും മാത്രമല്ലേയുള്ളൂ – പഠിത്തം ഉഴപ്പുമെന്നാ പുള്ളി പറയുന്നത്.

B : ഞങ്ങൾക്കാണെങ്കിൽ ഒരു കേബിൾകണക്ഷൻ പോലുമില്ല. ദൂരദർശൻ കണ്ടുമടുത്തു.

A : ഇൻറർനെറ്റ് കണക്ഷൻെറകാര്യം പുള്ളിക്കാരൻ രഹസ്യമാക്കി വെച്ചിരുന്നതാ. ഇന്നലെയല്ലേ ഇത് ഞാൻ കണ്ടുപിടിച്ചത്. ഒരു സൊയമ്പൻ സാധനം തപ്പിയെടുക്കുകയും ചെയ്തു.

B : പുള്ളി ഇതൊക്കെ കാണാറുണ്ടോ?

A : കൊള്ളാം പുള്ളി ഇതിൻെറ ഉസ്താദല്ലേ.

B : നമ്മള് ഇംഗ്ലീഷ് സിനിമയില് കാണുന്നതിനേക്കാളൊക്കെ ഹോട്ടാണോ സാധനം?

A : ഇത് സിനിമയല്ലെടാ (കണ്ടുപിടിക്കുന്നു) ഇതുതന്നെ സാധനം ദാ കിട്ടിപ്പോയി.

*(സംഗീതം... ഒരു സ്ത്രീയുടെ നഗ്നമായ കാലുകൾ കമ്പ്യൂട്ടർ മോണിറ്ററിലൂടെ ഇരുവരുടെയും മുമ്പിലേക്ക് നീണ്ടുവരുന്നു. ഇരുവരും കാലുകൾ തൊട്ടും തടവിയും ആസ്വദിക്കുന്നു. രംഗത്താകെ അവർ ഒഴുകി നീങ്ങുന്നു.)*

B : ഇതൊന്നു ലൈവായിട്ടുകാണാൻ....

*(പുറത്ത് സ്ത്രീ ശബ്ദം)*

അമ്മേ.... അമ്മേ....

A : അയ്യോ... ചേച്ചി വന്നു ഇന്നു നേരത്തെയാ... ഇന്നിനി ഒന്നും നടക്കില്ല. ചേച്ചി കണ്ടാൽ അപകടമാ.

*(A കമ്പ്യൂട്ടറിനു മുമ്പിൽ തന്നെ ഇരിക്കുന്നു)*

*സ്ത്രീശബ്ദം* : അമ്മേ ഞാൻ കുളിക്കാൻ പോണ്.

*(ചേച്ചി വരുന്നു A യോട്)*

*സ്ത്രീ* : നിങ്ങളിപ്പോഴും ഇതിൻെറ മുമ്പിൽ തന്നെ ഇരിപ്പാണോ ചെല്ലെടാ... അമ്മ വിളിക്കുന്നു, കാപ്പികുടിക്കാൻ –

എത്രനേരായി *(അനിയനോടുള്ള വാത്സല്യം)*
*(അവൾപോകുന്നു)*

A : ഞാൻ ചായ ഇങ്ങോട്ടുകൊണ്ടുവരാം. *(പോകുന്നു)*
*(B ചേച്ചി പോയ വഴി ശ്രദ്ധിക്കുന്നു)*

B ലൈവായിട്ടൊന്നു കാണാൻ.... ചുറ്റും അന്തരീക്ഷം നോക്കുന്നു.
ശബ്ദമുണ്ടാക്കാതെ നടക്കുന്നു.
എത്തി നോക്കുന്നു.

*A വരുന്നു – കാണുന്നു – ഞെട്ടുന്നു.*

*വക്കച്ചൻ* : ഇന്നു മെഡിക്കൽ ഷാപ്പ് സമരമാ...
*ചാക്കോച്ചൻ* : അതാ നീതിയില് ഭയങ്കര തിരക്ക്
*വക്കച്ചൻ* : അതിനിനി എപ്പഴാ പാര വരുന്നത്ന്ന് ആർക്കറിയാം.
*ചാക്കോച്ചൻ* : സർക്കാരിൻെറ ഒരു മരുന്നു കമ്പനി വിൽക്കാൻ വെച്ചിരിക്കുന്നു...ന്ന് വാർത്ത വന്നല്ലോ.
*വക്കച്ചൻ* : വിൽക്കട്ടെ... അനുഭവിച്ചുപഠിക്കട്ടെ.

(ആരോഗ്യം)

*തള്ള* : മോനേ, ഞാനിപ്പം വരാം – മരുന്നു വാങ്ങാൻ കാശു കടം കിട്ട്വോന്ന് നോക്കീട്ടു വരട്ടെ.
*– ചുറ്റിനടന്ന് മുതലാളിയുടെ വീട്ടിലെത്തുന്നു –*
*തള്ള* : മൊതലാളി – മൊതലാളി
*മുതലാളി* : എന്താ കാര്യം. നിൻെറ മകന് സുഖമായില്ലേ?
*തള്ള* : ഇല്ല മുതലാളി. ചികിത്സിച്ച് ചികിത്സിച്ച് ഞങ്ങടെ നടുവൊടിഞ്ഞു.
*മുതലാളി* : ആശുപത്രീന്നെന്തു പറഞ്ഞു.
*തള്ള* : സർക്കാരാശുപത്രീ കൊണ്ടു ചെന്നപ്പം അവടെ മരുന്നൂല്ല, മരുന്നെഴുതാൻ കടലാസും ഇല്ല. അവിടുന്ന് മിഷൻ ആശുപത്രീൽ കൊണ്ടുപോയി ഇല്ലാത്ത കാശും മൊടക്കി അവിടെ ചെന്നപ്പം ആ പരിശോധന ഈ പരിശോധന എന്നൊക്കെ പറഞ്ഞ് ഒക്കെ വിറ്റുപെറുക്കി.
*മുതലാളി* : എക്സ്റേയും, ഇ.സി.ജി.യും സ്കാനുമൊക്കെ എടുത്ത് കാണും. എല്ലാത്തിനും എന്ത് ചെലവാ – ചികിത്സയ്ക്കുള്ള സൗകര്യങ്ങള് കൂടിയപ്പം ചെലവും കൂടി.
*തള്ള* : മൊതലാളിയ്ക്കറിയാമോ – വീട്ടുകാര്യങ്ങളൊക്കെ അവനാ നോക്കീരുന്നത് – ഇപ്പോഴും കെടന്നകെടപ്പാ – കാര്യങ്ങളൊക്കെ വലിയ കഷ്ടത്തിലാ – ഇന്ന് മരുന്നു വാങ്ങേണ്ട ദിവസമാ – മൊതലാളി ഒന്നു സഹായിക്കണം.
*മുതലാളി* : ആട്ടെ എത്ര രൂപാ വേണം.
*തള്ള* : ഒരാഴ്ചത്തേക്കുള്ള മരുന്നിന് 70 രൂപ വേണം.

*കൊടുക്കുന്നു – രംഗം മാറുന്നു – മരുന്നുകട*

*ഒരാൾവരുന്നു* : ബുദ്ധി വളരുന്ന എന്തോ ഒരു പുതിയ മരുന്ന് വന്നെന്ന് കേട്ടല്ലോ എൻെറ മകനാ.

*കടക്കാരൻ* : ആ – ഉണ്ട് വിലയിത്തിരി കൂടും 699 രൂപ 99 പൈസ

*ആൾ* : അ... അത് പ്രശ്നമല്ല – എടുത്തോ

*(സാധനം വാങ്ങുന്നു – പൈസകൊടുക്കുന്നു)*

*ആൾ* : *(പായ്ക്കറ്റ് നോക്കിയിട്ട്)* ഇതിനെന്തോ ഒരു ഗിഫ്റ്റ് ഉണ്ടല്ലോ

*കടക്കാരൻ* : കുട്ടി ഏത് ക്ലാസിലാ പഠിക്കുന്നത്?

*ആൾ* : നാലില്

*കട* : ഒരു ഗൈഡ് ഉണ്ട് *(കൊടുക്കുന്നു)* ആ–പിന്നെ ഒരു കാര്യം മരുന്നു കൊടുക്കുന്നതിനൊപ്പം ഇത് കൃത്യമായി വായിച്ചും കൊടുക്കണം.

*ആൾ* : ശരി *(പോകുന്നു)*

*(തള്ള വരുന്നു. മരുന്നിൻെറ കുറിപ്പും പൈസയും കൊടുത്തിട്ട്)*

*തള്ള* : മോനേ ഈ മരുന്ന് വേണം

*(കടക്കാരൻ വില കൂട്ടുന്നു)* 240 രൂപയാകും *(പണം എടുക്കുന്നു)* ഇത് തികയില്ലല്ലോ.

*തള്ള* : മോനേ – ഒരാഴ്ചത്തെ മരുന്നിന് കഴിഞ്ഞ തവണ ഇവിടുന്നു തന്നെ വാങ്ങിയപ്പോ 70 രൂപ മതിയായിരുന്നല്ലോ – മോൻ തന്ന ബില്ല് ദാ

*കട* : അത് കഴിഞ്ഞ ആഴ്ചയല്ല്യോ – ഇപ്പോ അതൊക്കെ മാറി – ഇപ്പോ 240 രൂപാ വേണം. അറിഞ്ഞില്ലേ മരുന്നു വിലയൊക്കെ കൂടി.

*തള്ള* : അയ്യോ മോനെ അങ്ങനെ പറയല്ലേ – എൻെറ കയ്യില് ഇതേയുള്ളൂ.

*കട* : ആ – ഇതിന് രണ്ട് ദിവസത്തേക്കുള്ള മരുന്ന് കിട്ടും. *(മരുന്ന് എടുത്ത് കൊടുക്കുന്നു)* ദാ ബാക്കി രണ്ടു രൂപ)

*തള്ള* : രണ്ട് ദിവസത്തേക്കോ ! അപ്പോ എൻെറ മോൻ....?

*ചാക്കോച്ചൻ* : താങ്ങുവില പ്രഖ്യാപിച്ചു

*വക്കച്ചൻ* : എത്രകാലം താങ്ങും

*ചാക്കോച്ചൻ* : മുമ്പൊക്കെ താങ്ങീട്ടാ...?

വക്കച്ചൻ : വല്ലവൻേറം കൈയിൽ തല വെച്ചിട്ട് വിശ്വസിച്ച് എത്രനേരം കെടക്കും.

*ചാക്കോച്ചൻ* : മണ്ഡരി വന്നത് ഒരു കണക്കിന് നന്നായി. വെട്ടിക്കൂട്ടേണ്ടല്ലോ...?

*(രംഗം മാറുന്നു – ഇടത്തരം വീട് – ഭാര്യയും ഭർത്താവും വഴക്ക്)*

*ഭാര്യ* : ആ നായര് ഇന്നലേം വന്നിരുന്നു. നിങ്ങള് എപ്പോവരുംന്ന് ചോദിച്ച്. അയാൾക്ക് പൈസ ഉടനേ കിട്ടണം ന്ന്.

*ഭർത്താവ്* : സാധനങ്ങളൊക്കെ കണ്ടമാനം ചെലവാക്കുമ്പോ ആലോചിക്കണം. പൈസ കൊടുക്കേണ്ടി വരും....ന്ന്.

*ഭാര്യ* : ങ്ഹാ... പിന്നെ ഒക്കെ ഞാൻ മാത്രം തിന്നുതീർത്തതല്ലേ? അതില്ലേ ഇതില്ലേ എന്നൊക്കെ ചോദിക്കും ഉണ്ടാക്കിത്തന്നില്ലെങ്കിൽ പിന്നെ അതിനായി ലഹള.

*ഭർത്താവ്* : എടീ എപ്പഴും തുറന്നിട്ടിട്ടല്ലേ ഗ്യാസ് രണ്ട് കുറ്റീം കഴിഞ്ഞ മാസം തീർത്തത് – ഇനി തിന്നും...

*ഭാര്യ* : ഇതാ... ഞാനങ്ങ് പറഞ്ഞാലേ അധികമായിപ്പോകും. കടം വാങ്ങിയ പൈസേം ചോദിച്ച് ആളു വരുമ്പോ നിങ്ങള് മുങ്ങും. അവര് പറേണ തോന്ന്യാസൊക്കെ ഞാൻ കേക്കണം. ഒരു ദിവസം കൊടുവാള് ഞാനെടുക്കും. പിന്നെപ്പറഞ്ഞിട്ട് കാര്യമൊണ്ടാവില്ല.

*ഭർത്താവ്* : എടീ ഞാനെന്താ ചെയ്യേണ്ടത്. നീ കണ്ടില്ലേ രണ്ടു തവണത്തെ തേങ്ങയല്ലേ മുറ്റത്തു കിടക്കുന്നത്. വെറുതെ തന്നാലും വേണ്ടാന്ന് കുഞ്ഞിരാമൻ.

*ഭാര്യ* : പറമ്പിൽ വീണുകിടക്കുന്ന തേങ്ങയൊക്കെ അവിടെ തന്നെ കിടന്നാ മതിയോ? ആ കൊയ്യക്കാരൻ വന്ന് ചോദിക്കാൻ തുടങ്ങിയിട്ട് രണ്ട് ദിവസമായി. സൂക്ഷിച്ചാൽ നന്ന്. കുട്ടികളുടെ തലയിൽ വീണ് കച്ചറയാക്കണ്ട.

*ഭർത്താവ്* : ഞാനേതായാലും കുഞ്ഞിരാമനെ കണ്ട് ചോദിക്കട്ടെ. എത്രകുറച്ചായാലും ലേശം പൈസ തരാൻ പറയുക തന്നെ. അല്ലാതെ ചാവാൻ പറ്റ്വോ.

*(മുറ്റത്തേക്കിറങ്ങി – തേങ്ങ തടഞ്ഞ് വീഴുന്നു.)*

ഓ... കുരിപ്പ്... ഇടങ്കോല് വെക്കാ...? മുക്കാൽ പൈസക്ക് ഗുണമില്ല. പോരാണ്ട് ഉപദ്രവോം.

*(ചവിട്ടുന്നു)*

*(നടക്കുന്നു. തേങ്ങപറിക്കാരനെ ശ്രദ്ധിക്കാതെ മുന്നോട്ട്)*

*ഗോപാലൻ* : അല്ലാ, നിൽക്ക്. തേങ്ങ പറിച്ചിട്ട് മാസം രണ്ടു കഴിഞ്ഞു. ഇന്ന് പറിക്കട്ടെ.

*(നടത്തം തുടരുന്നു)*

*ഗോപാലൻ* : അല്ല തേങ്ങ പറിച്ചിട്ടു വേണം എനിക്ക്...

*ഭർത്താവ്* : ഇപ്പഴല്ലേ നീ ഞങ്ങളെ തിരഞ്ഞ് നടക്കാൻ തുടങ്ങിയത്...? ഓ എന്തായിരുന്നു ഗമ.... ബുക്ക് ചെയ്യേണ്ടേ... ഒന്നു കാണാൻ... വേണ്ട തെങ്ങിൽ കേറണ്ട നീയാ മുറ്റത്തേക്കൊന്ന് നോക്ക്.

*(തേങ്ങകൾ അന്യോന്യം പ്രതികരിക്കുന്നു ഭർത്താവ് നടക്കുന്നു. കുട്ടികൾ കല്ലെടുത്ത് പട്ടിയെ എറിയുന്നു. അവരെ ഓടിക്കാൻ കൈയോങ്ങി.)*

*ഭർത്താവ്* : എടാ കോൺക്രീറ്റിനു വെച്ച കല്ലെടുത്താ കളി, ആ തേങ്ങയെടുത്തോ.

*(നടക്കുന്നതിനിടയിൽ കുഞ്ഞിരാമനെ കണ്ടു)*

കുഞ്ഞിരാമാ നീയാ തേങ്ങ ഒന്നൊഴിവാക്കിത്താ ഒക്കെ മുളയ്ക്കാൻ തുടങ്ങി.

*കുഞ്ഞി* : കണക്കായി... എൻറ പീടിക മുഴുവൻ തേങ്ങയാ... പീടിക തന്നെ മുളയ്ക്കുകയാ...

*തേങ്ങകൾ* : ഇങ്ങനെ നാറി ജീവിച്ചിട്ട് എന്താ കാര്യം...? നമ്മുടെ കാര്യം നോക്കാൻ ആരുമില്ല. നമുക്ക് നമ്മള് മാത്രം.

(ചവിട്ടുനാടകം - ഇറക്കുമതി)

*വക്കച്ചൻ* : തിമിതിത്തിമി തിമിതിത്തിമി തിമിതിത്തിമി തിതോം *(വക്കച്ചൻ തലയിൽ വട്ടക്കെട്ട്)*

*ചാക്കോച്ചൻ* : തിത്തിത്തിമി തിത്തിത്തിമി *(ചാക്കോച്ചന് കക്ഷത്തിൽ ഒരു വടി)*
തിത്തരികിട തിത്തോം
പള്ളീല് പെരുന്നാളിന്
കർത്താവിൻ തിരുനാളിന്
പത്തേയിനി നാളുള്ളൂ വക്കച്ചോ
നമുക്കൊന്നു കൂടണ്ടെ വക്കച്ചോ

*വക്കച്ചൻ* : പെമ്പിള്ളക്കൊരു ജോടി ചട്ടേം മുണ്ടും
മേടിക്കാം കൂടിട്ടും പാങ്ങില്ലാണ്ടിരിക്കുമ്പം
എങ്ങനെ കൂടാനാ ചാക്കോച്ചാ
തിമി തിത്തിമി തിമി തിത്തിമി
തിമി തിത്തിമി തിത്തോം

*ചാക്കോച്ചൻ* : അതുനല്ല കൂത്തായി പോയല്ലോ
പണ്ടൊക്കെ പിള്ളേര്
പാഠത്തില് ചൊല്ലുമ്പോലിപ്പം
വലിച്ചാല് റബ്ബറ് നീളത്തില്യോ
വിട്ടാല് പൂർവ്വസ്ഥിതി പ്രാപിക്കില്യോ
തിത്തിത്തിമി തിത്തിത്തിമി
തിത്തരികിട തിത്തോം

*വക്കച്ചൻ* : കുരുമുളകിനു വിലയിടിഞ്ഞു

*ചാക്കോച്ചൻ* : കുരുചെറുതായതു കൊണ്ടാണോ

*വക്കച്ചൻ* : നാളികേരത്തിനും വെലകുറഞ്ഞു.

*ചാക്കോച്ചൻ* : പൊതിക്കാനാളില്ലാത്തതു കൊണ്ടാണോ

*വക്കച്ചൻ* : ഒലക്കേൻെറ മൂട് ! എനിക്കറിയാമ്മേല

*ചാക്കോച്ചൻ* : ഒറയാതെ നില്ലെൻെറ വക്കച്ചോ. എറക്കുമതീന്നൊരു സൂത്രമുണ്ട്.

*വക്കച്ചൻ* : എന്തോന്നു മാരണം ചാക്കോച്ചോ.

*ചാക്കോച്ചൻ* : എറക്കുമതി ! എറക്കുമതി! എറക്ക് മതി മൊൻസാൻേറായ്ക്കും, ഹിന്ദുസ്ഥാൻ ലിവറിനുമൊക്കെ ഇറക്ക് - മതി. അന്യനാട്ടീന്നൊക്കെ എറക്കിയാലേ അവരിക്ക് ലാഭം പെരുത്തുകിട്ടൂ.

*വക്കച്ചൻ* : അവരിക്ക് ലാഭം പെരുത്തുകിട്ടാൻ നമ്മുടെ വായില് മണ്ണിടണോ ഇവരിക്കു കമ്മീഷൻ കൂട്ടിക്കിട്ടാൻ നമ്മടെ കഞ്ഞീല് മണ്ണിടണോ

*ചാക്കോച്ചൻ* : ചോദിച്ചത് പഷ്ടായി. പക്ഷേങ്കി ചോദിക്കണതാരോടാ വക്കച്ചോ

*വക്കച്ചൻ* : രാജ്യം ഭരിക്കണ സർക്കാരില്ല്യോ വിറ്റുതുലയ്ക്കണ മന്ത്രിയില്ല്യോ അവരോടാ ചോദിക്കേണ്ട ചാക്കോച്ചാ.

*ചാക്കോച്ചൻ* : രാജ്യം ഭരിക്കണ വീരൻമാര് പണക്കാരുടെ കയ്യിലെ പാവകള് വിദേശക്കുത്തകകൾ വിചാരിച്ചെന്നാകിൽ ഇറക്കുമതി ചെയ്യും ഭരണക്കാരേം

*വക്കച്ചൻ* : എങ്കിലയ്യോ നമ്മുടെ സ്വാതന്ത്ര്യോം ഇല്ലാതായ് തീരുമേ ചാക്കോച്ചാ. തിമിതിത്തിമി...

*ചാക്കോച്ചൻ* : നമ്മുടെ വെളകൾക്കു വെല കിട്ടാൻ നമ്മക്ക് സ്വാതന്ത്ര്യോമില്ലെന്നായാൽ പിന്നാലെ നാടിൻെറ സ്വാതന്ത്ര്യോം ഇല്ലാതായ് തീരുമേ വക്കച്ചോ.

*വക്കച്ചൻ* : അതില്ലാതായ് തീരുന്നു ചാക്കോച്ചോ
*(രണ്ടുപേരും സങ്കടപ്പെട്ടിരിക്കുന്നു)*

*ചാക്കോച്ചൻ* : അല്ലല്ലാ...
അല്ലല്ലാ...
അല്ലല്ല നമ്മളൊന്നിച്ചു നിന്നാൽ
എറക്കുമതി അവർ നിർത്തിയില്ലേൽ
എറക്കുമതിക്കാരെ കയറ്റുമതി ചെയ്യാൻ
നമ്മക്ക് കഴിയുമേ കട്ടായം
*(രണ്ടുപേരും കൈകോർത്തുപിടിച്ചു കളിച്ചു പിന്നോട്ടു പോകുന്നു)*

*(ചവിട്ടുനാടകം അവസാനിക്കുന്ന മുറയ്ക്ക് വക്കച്ചൻെറ കയ്യിൽ നിന്നും പിടിവിടുവിച്ച് എതിർഭാഗത്തേക്ക് വേഗം നടന്നു നിന്നുകൊണ്ട്)*

*ചാക്കോച്ചൻ* : എലിക്കു പ്രാണവേദന...
പൂച്ചയ്ക്ക്...

*വക്കച്ചൻ* : അങ്ങനെ മതിയോ പൂച്ചയ്ക്കാരെങ്കിലും മണികെട്ടണ്ടേ...

*ചാക്കോച്ചൻ* : ജാത്യാലുള്ളത് തൂത്താപ്പോവ്വോ?

*വക്കച്ചൻ* : കൊഞ്ചൻ തുള്ള്യാ മുട്ടോളം പിന്നേം തുള്ള്യാ ചട്ടീല്.

*ചാക്കോച്ചൻ* : കാക്കകുളിച്ചാൽ കൊക്കാകത്തില്ല.

*(സംഭാഷണം തീരുന്ന മുറയ്ക്ക് ഒരു ഗ്രൂപ്പ് ആളുകൾ എലിയുടെ ശബ്ദകോലാഹലങ്ങളോടെ രംഗത്ത് നിറയുന്നു. വക്കച്ചനും ചാക്കോച്ചനും പോവുന്നു.)*

തുടർന്ന് .... *(പൂർണ്ണമായും ആംഗ്യഭാഷ)*

Group A രംഗമാകെ നിറയുന്ന എലികൾ. സന്തോഷപ്രകടനം നടത്തി തുള്ളിച്ചാടി ഒരാൾ നേതാവും മറ്റുള്ളവർ അണികളുമായി മാറുന്നു. നേതാവ് മൈക്കിനു മുൻപിൽ പ്രസംഗിക്കുന്നു.

*(പൂച്ചകളുമായി കരാറിൽ ഒപ്പുവെച്ച് സഖ്യത്തോടുകൂടി കഴിയാം എന്നർഥം.)*

കൂട്ടത്തിൽ ഒരു പെൺഎലി എഴുന്നേറ്റ് ശരീരമാകെ പൂച്ചകൾ ആക്രമിച്ച് പാടുകൾ വരുത്തിയതായും പറഞ്ഞ് സങ്കടപ്പെടുന്നു.

*നേതാവ്* : ഇനിയും അത്തരം ആക്രമങ്ങൾ നടത്താതിരിക്കാൻ നമുക്ക് മാർഗമുണ്ടാക്കാം എന്ന് നേതാവ് പറയുന്നു.
അണികൾ ആവേശപൂർവ്വം കയ്യടിക്കുന്നു.

*നച്ചെലി* : അണികളിൽ ഒരു നച്ചെലി ചാടിയെഴുന്നേറ്റ് നേതാവിനെതിരെ കൈ ആംഗ്യം കാട്ടുന്നു.

*(പൂച്ചയുമായി സംഖ്യം പാടില്ല അവർ ചതിക്കും. അവർ നമ്മളെക്കൊല്ലും എന്നർഥം)*

അണികളിൽ രണ്ടുപേർ നച്ചെലിയെ പിടിച്ചിരുത്തുന്നു. നേതാവിനൊപ്പം ഞങ്ങളുണ്ട് എന്ന് കാട്ടുന്നു. നേതാവ് ഊർജ്ജസ്വലമായി പ്രസംഗം തുടരുന്നു. അണികൾ കയ്യടിക്കുന്നു. നച്ചെലി ചാടിയെണീറ്റ് മൈക്ക് പിടിച്ചുവാങ്ങി പ്രസംഗിക്കുന്നു. അണികളിൽ രണ്ടുപേർ പിടിച്ചുമാറ്റുന്നു. അവൻ കുതറുന്നു. തമ്മിൽ പിടിവലിയാവുന്നു. നച്ചെലിയെ പിടിച്ച് പുറത്താക്കുന്നു. അവൻ സിന്ദാബാദ് വിളിച്ച് രോഷത്തോടെ പോവുന്നു.

നേതാവിൻെറ പിന്നാലെ അണികൾ വരിവരിയായി പോകുന്നു.

പൂച്ചകൾ രംഗത്തേക്ക് വരുന്നു. നേതാവ് കസേരയിൽ ഇരിക്കുന്നു. എലികളെ പിടിച്ച് തിന്നാം എന്ന് നേതാവ് പറയുന്നു.

അതുവേണ്ട അവർ സന്ധിസംഭാഷണത്തിന് വരുന്നുണ്ട്. നമുക്ക് അവരുമായി സന്ധിചേരുന്നതായി അഭിനയിക്കാം. തത്ക്കാലം പിടിച്ച് തിന്നേണ്ട. സന്ന്യാസിമാരെപ്പോലെ നിൽക്കാം.

എലികൾ വരുന്ന ശബ്ദം-

പൂച്ചകൾ സന്ന്യാസികളേപ്പോലെ നിൽക്കുന്നു.

എലികൾ കടന്നു വരുന്നു. നേതാവ് പൂച്ചനേതാവിനടുക്കൽ ചെന്ന് "ഇനി മേലാൽ ഞങ്ങളെ ഉപദ്രവിക്കരുത്. ജീവിക്കാൻ അനുവദിക്കണം." എന്നർഥത്തിൽ പറയുന്നു. പൂച്ചനേതാവ് സമ്മതിക്കുന്നു.

*എലി നേതാവ്* : ഞങ്ങളുടെ മാളത്തിൽ ഒരുക്കുന്ന ആഘോഷത്തിൽ വെച്ച് നമുക്ക് കരാർ ഒപ്പിടാം. എല്ലാവരും എത്തണം പാട്ടും നൃത്തവും ഒരുക്കിയിട്ടുണ്ട്.

*(പരസ്പരം സമ്മതിക്കുന്നു)* എലികൾ പോകുന്നു.

ഏറ്റവും പിന്നാലെ പോവുന്ന എലിയെകടന്നു പിടിക്കാൻ നേതാവ് ആയുന്നു. പൂച്ചകൾ തടയുന്നു. അവർ രംഗമൊഴിയുന്നു.

എലികൾ പൂച്ചകളെ സ്വീകരിക്കുന്നതിനുള്ള തയ്യാറെടുപ്പുമായി നിൽക്കുന്നു. പൂച്ചകൾ കടന്നു വരുന്നു. എലികൾ പൂച്ചകളുടെ നേതാവിനെ സ്വീകരിക്കുന്നു.

പരസ്പരം ധാരണാപത്രം ഒപ്പിട്ട് കൈമാറുന്നു. പൂച്ചകളും എലികളും പരസ്പരം കൈകോർത്ത് നൃത്തം ചവിട്ടുന്നു.

പൂച്ചകൾ പോവുന്നു. എലികൾ സങ്കടത്തോടെ ഒരു നിമിഷം നിൽക്കുന്നു.

പൂച്ചകൾ പോവുന്ന മുറയ്ക്ക് എലികൾ ആഹ്ളാദപൂർവ്വം വേദിയാകെ ഓടിക്കളിക്കുന്നു.

അപ്രതീക്ഷിതമായി പൂച്ചകൾ ചാടിവീഴുന്നു. എലികൾ ഒളിക്കാൻ ശ്രമിക്കുന്നു. പൂച്ചകൾ എലികളെ കൊല്ലുന്ന ആംഗ്യം. എലികൾ ആർത്തനാദത്തോടെ കീഴടങ്ങുന്നു. എലികൾ കൈപ്പത്തി വിടർത്തി നിൽക്കുന്നു.

സ്റ്റിൽ

വക്കച്ചനും ചാക്കോച്ചനും കടന്നുവരുന്നു. എലി പൂച്ച ഗ്രൂപ്പുകൾ വേദിയൊഴിയുന്നു.

(ലേലം)

*ചാക്കോച്ചൻ* : കുളം തോണ്ടല് തൊടങ്ങി...

*വക്കച്ചൻ* : എമ്പ്രാനൽപം കട്ടുഭുജിച്ചാൽ
അമ്പലവാസികളൊക്കെ... ഉം... ഉം...

*ചാക്കോച്ചൻ* : കാള വാല് പൊക്ക്യപ്പഴേ മനസ്സിലായി.

*വക്കച്ചൻ* : കാളപെറ്റെന്നു കേട്ടപ്പോ കയറെടുത്തു.
അങ്ങനെ ആയിര്ന്നല്ലോ... കുറ്റം...

*ചാക്കോച്ചൻ* : വിത്തെടുത്തു കുത്താൻ ചക്കാലനും ചക്കാത്തിം ഒന്ന്

*(ഒരു ബഹുരാഷ്ട്രക്കുത്തകയുടെ ഓഫീസ് മേധാവിയുടെ മുറിയിൽ പി.എ. ഉണ്ട്. ഒരു നേതാവ് കടന്നു വരുന്നു ബെല്ലടിക്കുന്നു.)*

*പി.എ.* : വെയ്റ്റ്, വെയ്റ്റ്, Who are you, what you want?

*(നേതാവ് പോക്കറ്റിൽ നിന്നും വിസിറ്റിങ്ങ് കാർഡ് എടുത്തു കൊടുക്കുന്നു.)*

*നേതാവ്* : എനിക്ക് ഇന്ന് സന്ദർശനത്തിനുള്ള അനുമതി തന്നിരുന്നു.

*പി.എ.* : ഓ. യെസ്, യെസ്. മിനിസ്റ്റർ ഫ്രം ഇന്ത്യ. വെയ്റ്റ് ഹിയർ.

*(കാർഡ് വാങ്ങി അകത്തേക്ക് പോകുന്നു. മേധാവിയുടെ ചെവിയിൽ എന്തോ മന്ത്രിക്കുന്നു തിരികെ വന്ന്.)*

*പി.എ.* : വെൽക്കം, വെൽക്കം.
*(നേതാവ് തൊഴുകൈയുമായി മുറിയിലേക്ക് കടക്കുന്നു)*

*നേതാവ്* : ഞാൻ ഭാരതത്തിൽ നിന്നും വരുന്നു.
*(വിദേശി സംശയത്തോടെ)*

*എം.ഡി.* : ഭാരതം

*പി.എ.* : ഫ്രം ഇന്ത്യ

*എം.ഡി.* : ഓ.... ഇന്ത്യ

*നേതാവ്* : ഞാൻ വി.ടി.മന്ത്രി. വിറ്റുതുലയ്ക്കൽ മന്ത്രി. ഇന്ത്യയിൽ നിന്ന്.

*പി.എ.* : ഡിസിൻവെസ്റ്റ്മെൻറ് മിനിസ്റ്റർ ക്യാബിനറ്റ് റാങ്ക്.

*നേതാവ്* : ആജ്ഞാപിച്ചതുപോലെ ഞങ്ങളുടെ രാജ്യത്തെ പൊതുഉടമയിലുള്ള സ്ഥാപനങ്ങൾ വില്പനയ്ക്ക് വച്ചിരിക്കുകയാണ്.

*എം.ഡി.* : വെരിഗുഡ്

*നേതാവ്* : ഇൻഷ്വറൻസ്, ടെലികോം, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ ഇതിൻെറയൊക്കെ പരസ്യമായ ലേലം ഞങ്ങളുടെ നാട്ടിൽവെച്ച് അടുത്തമാസം നടക്കുന്നു. അതിൽ പങ്കെടുക്കാൻ അങ്ങയെ പോലുള്ളവരെ ക്ഷണിക്കുവാൻ കൂടിയാണ് ഞാൻ ഇപ്പോൾ വന്നിരിക്കുന്നത്.

*എം.ഡി.* : എനിക്കതിയായ താത്പര്യമുണ്ട്. ഞാൻ തീർച്ചയായും പങ്കെടുക്കും. ഞങ്ങൾ എത്രകാലമായി പറയുന്നു.

*നേതാവ്* : അതിന് ഭരണമൊന്ന് കയ്യിൽ കിട്ടേണ്ടെ. അപ്പോൾ എൻെറ കാര്യം.

*എം.ഡി.* : അതൊക്കെ എന്തുവേണമെങ്കിലും ചെയ്യാം.

*(നേതാവ് സാഷ്ടാംഗം നമിക്കുന്നു. തിരികെ പോരുന്നു. വായ്ത്താരി വാഴ്ക... വാഴ്ക...)*

മറ്റൊരു രംഗം – ചന്ത

*(വാഴ്ക വാഴ്ക തുടരുന്നു ഈ സമയം നേതാവും സ്ഥാപനങ്ങളും രംഗത്ത് എത്തുന്നു.)*

*നേതാവ്* : നമസ്ക്കാരം. അപ്പോൾ നമുക്ക് ഇനി ആരംഭിക്കാം ഇത് ഇൻഷ്വറൻസ് മേഖല രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖല സ്ഥാപനം രാജ്യത്ത് സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുമ്പോൾ ഇവനാണ് ഞങ്ങളെ സഹായിക്കുന്നത്. ഗ്രാമീണ റോഡുകൾ, കുടിവെള്ള പദ്ധതികൾ ഇത്തരം വികസന പദ്ധതികൾ നടത്തുന്നത് ഇവൻെറ സഹായം കൊണ്ടാണ്.

*എം.ഡി.* : കൊണ്ടുവരൂ, കൊണ്ടുവരൂ (പതുക്കെ പതുക്കെ ഭക്ഷിക്കുന്നു, ചിറകിനടിയിലേക്ക് ഒതുക്കുന്നു.) നെക്സ്റ്റ്.

*നേതാവ്* : ജീ.ജീ. ഇത് ടെലികോം.

*കമ്പനി* : ഓ... ടെലികോം.

*നേതാവ്* : ഇവൻെറ ആസ്തി...

*എം.ഡി.* : രണ്ട് ലക്ഷത്തി അറുപതിനായിരം കോടി.

*നേതാവ്* : യ്യോ... പുറത്ത് പറയല്ലേ... അറുപത്തിമൂവായിരം കോടിയെന്നാ പറഞ്ഞിരിക്കുന്നത്... ലക്ഷത്തിൻെറ കാര്യം പറയല്ലേ...

വില്പന സൗകര്യാർഥം ഇവനെ ഇപ്പോൾ കമ്പനിയാക്കിയിരിക്കുകയാ. ഭാരത് സഞ്ചാർ നിഗാം ലിമിറ്റഡ് ബി.എസ്.എൻ.എൽ.

*എം.ഡി.* : കൊണ്ടുവരൂ... കൊണ്ടുവരൂ...

*(നേതാവ് കൊടുക്കുന്നു. കൈ നീട്ടുന്നു. എം.ഡി. തരാമെന്നു ആംഗ്യം കാണിക്കുന്നു.)*

*എം.ഡി.* : നെക്സ്റ്റ്

*നേതാവ്* : വെയ്റ്റ്

*(മോഡേൺബ്രഡ് കൊണ്ടുവരുന്നു)*

ദിസ് ഈസ് അവർ ബ്രഡ്. 1965ൽ തുടങ്ങിയതാ. ഫുള്ളി ഓട്ടോമാറ്റിക്ക്. നോ ലേബർ പ്രോബ്ലം. 2100 കോടിയാ ആസ്തി. ഒരു യൂണിറ്റിൽ ഒരു ദിവസം ഒരു ലക്ഷം രൂപേടെ ഉത്പാദനമാ നടക്കുന്നത്.

*എം.ഡി.* : Please give me one slice

*നേതാവ്* : ഇതാ... (തുറന്ന് ഒരു കഷണം നൽകുന്നു. താഴെ വീഴുന്ന പൊടികൾ നക്കി തിന്നുന്നു.)

*എം.ഡി.* : വെരിഗുഡ്... കൊണ്ടുവരൂ...

*(കൊടുക്കുന്നു. വലിച്ചടുപ്പിക്കുന്നു. ചിറകിനുള്ളിലാക്കുന്നു.)*

*(വിശപ്പ് സഹിക്കാനാകാതെ കമ്പനികൾ ചൂണ്ടുന്നു)*

*എം.ഡി.* : അത്...

*നേതാവ്* : ഘട്ടംഘട്ടമായി തരാം.

*എം.ഡി.* : അത്...

*നേതാവ്* : അയ്യോ അത് NTPC യാ. അതിൻെറ റീസ്ട്രക്ച്ചർ കഴിഞ്ഞോട്ടെ തരാം. ഇപ്പോ തന്നാ ഞങ്ങള് ഇരുട്ടിലാവും. തരാം തരാം. പിന്നെ തരാം.

എം.ഡി. : *(അത് അത് എന്നലറുന്നു.)* നേതാവിനെ ചിറകിനുള്ളിലൊതുക്കുന്നു. എനിക്ക് വിശക്കുന്നു. എനിക്ക് വിശക്കുന്നു.

*(മുന്നരങ്ങിലേക്ക് ചിറകുകൾ വിരിച്ച് മുന്നിലേയ്ക്കാഞ്ഞു നിൽക്കുമ്പോൾ)*

*സംഘം* : ഒരു പുതിയ നൂറ്റാണ്ടിൻ... എന്ന ഗാനം പാടി രംഗം മറയ്ക്കുന്നു.

ഒരുപുതിയ ലോകക്രമം വന്നുനമ്മളെ
ഝടുതിയിലിതാവിഴുങ്ങുന്നു
ഒരുപാടു സ്വാതന്ത്ര്യ സ്വപ്നവാഗ്ദത്തങ്ങൾ
ഒടുവിലത് കാർന്നെടുക്കുന്നു.
സകലവാതിലുകളും വെട്ടിതുറക്കുകെന്ന-
വരുറക്കെപ്പറഞ്ഞല്ലോ.

അതുകേട്ട് ലോകത്തിന്നതിരുകൾ മാഞ്ഞു
വെന്നിവർ വിശ്വസിച്ചുപോയല്ലോ
ഇവർ വിശ്വസിച്ചുപോയല്ലോ

തുറയുന്ന വാതിലുകൾ നമ്മുടേത്
അടയുന്നവാതിലുകളവരുടേത്
അതിനിടയ്ക്കാരോ കടന്നെത്തിനമ്മുടെ
അകമാകെ വ്യഭിചരിച്ചല്ലോ
മുഖമാകെ മാറ്റിവരച്ചല്ലോ
വരളുന്ന വയലുകൾ കരിയുന്ന വിളവുകൾ
വിലകെട്ട ജീവിതപെരുമകൾ
പണിപോയ പതിനായിരങ്ങൾ നിറയുന്നു
വിപണികൾ പല്ലിളിക്കുന്നു
വിപണികൾ പല്ലിളിക്കുന്നു
ഒരുപിടി താരങ്ങൾ സ്വർഗ്ഗങ്ങളിൽ
പലകോടികൾ ദുരിതനഗരങ്ങളിൽ
ഇരകളായി അനുദിനം പിടിവിട്ട്
കുഴികളിൽ ഒരുപാടുപേർ പതിക്കുന്നു.
തകരുന്നു നാടിന്റെ കൃഷിരീതികൾ
കവരുന്നു നെറികെട്ട ചന്തമൊഴികൾ
ഏഷ്യയിൽ ആഫ്രിക്കയിൽ ജീവിതത്തിന്റെ
കാറ്റും വെളിച്ചവും കെട്ട ഭൂവിൽ
ഏറ്റു വിശപ്പിൽ കരിഞ്ഞ പേക്കോലങ്ങൾ
ആർക്കുന്നിതാ വിശക്കുന്നു
ആർക്കുന്നിതാ വിശക്കുന്നു
വിവരസാങ്കേതിക വിനിമയ വിസ്ഫോടനം
വിടുവായ പറയട്ടെ പലതും
നിലവിളിക്കുന്നിവർ ഭൂമിയുടെ നെറുകയിൽ

ഒരുപിടി അപ്പത്തിനായി
ഒരുപിടി അപ്പത്തിനായി
ഇതുനോക്കു സോമാലിയ
ഇതുനോക്കു എത്യോപിയ
ഇതുനമ്മളിത്രനാൾ അരുമയായ് കാത്തൊരീ
പ്രിയഭൂമി ഇന്ത്യയല്ലോ
ഇത് സൈബർ സിറ്റിയിലെ ആശുപത്രി
അവയവം വിൽക്കുന്ന കർഷകൻ
മുടിയുന്ന വായ്പയുടെ ഒടുവിൽ വിഷംതിന്നു
പിടയുന്ന നമ്മളുടെ ജയ്കിസാൻ
ഡസ്ക് ടോപ്പ് ഇ-മെയിൽ ഇ-കൊമേഴ്സും കൊണ്ട്
കെട്ടുന്ന വേൾഡ്വൈഡ്വെബ്ബിൽ
ഇറ്റുവെള്ളം പോലുമില്ലാതെ പാവങ്ങൾ
കഷ്ടം ചിറകടിക്കുന്നു.
ഉടൽ വിറ്റ് പെണ്ണുങ്ങൾ ഉണ്ണുന്ന ബാങ്കോക്ക്
പടരുന്ന പുണ്ണുകൾ പേറും ഫിലിപ്പൈൻസ്
തുണിയുരിഞ്ഞാടുന്ന നവലോകമാതൃക
തുടരുന്നു പെണ്ണിൻെറ കണ്ണീർകഥ
ഇതു സൂര്യനെല്ലിയായ് വിതുരയായെത്തുന്നു
പുതുലോകരോഗാണുബാധ
ഇതുവൃദ്ധസദനമായ് ഒമ്പതാം വാർഡായി
ഇഴയുന്നു നമ്മുടെ ഇടയ്ക്കും
വിലപേശി വിൽക്കുന്നു സ്വപ്നങ്ങൾ മൂല്യങ്ങൾ
വിലയുള്ളതാകെ വിൽക്കുന്നു
വിലകെട്ട ജീവിതം വഴിമുട്ടി നിൽക്കുന്നു
വഴിവെട്ടുവാൻ നമ്മൾ മാത്രം
വഴികാട്ടുവാൻ നമ്മൾ മാത്രം.

വായിക്കുക!
വരിക്കാരാകുക!!
പ്രചരിപ്പിക്കുക!!!

---

# യുറീക്ക

---

# ശാസ്ത്രകേരളം

---

# ശാസ്ത്രഗതി

---

മാനേജിംഗ് എഡിറ്റർ
യുറീക്ക/ശാസ്ത്രകേരളം/ശാസ്ത്രഗതി
കോഴിക്കോട്-2